മാതൃഭൂമി
22 December 1978

# കടലിൽ വൻതോതിൽ കല്ലുമ്മക്കായക്കൃഷി

സ്റ്റാഫ് റിപ്പോർട്ടർ

കൊച്ചി, ഡിസംബർ 20

"കല്ലുമ്മക്കായ" എന്നു പരക്കെ അറിയപ്പെടുന്ന മസ്സൽ അടുത്ത വർഷം മുതൽ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പരിപാടി തയ്യാറാക്കിയിരിക്കുന്നു.

കോഴിക്കോട്ടും വിഴിഞ്ഞത്തും നടത്തിയ പരീക്ഷണകൃഷി വമ്പിച്ച വിജയമായതിന്റെ അടിസ്ഥാനത്തിലാണ് കല്ലുമ്മക്കായ് കൃഷി വ്യാപകമാക്കാൻ സി.എം.എഫ്.ആർ.ഐ. തീരുമാനിച്ചിരിക്കുന്നത്.

കൃഷിരീതിയും കൃഷികൊണ്ടുള്ള നേട്ടങ്ങളും ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് ആദ്യപടി. ഇതിന് വേണ്ടി സാമ്പത്തിക സാമൂഹ്യ നിലവാരത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന രണ്ടു ഗ്രാമങ്ങൾ തെരഞ്ഞെടുക്കും. അവിടെയാണ് കൃഷിയാരംഭിക്കുക. കൂടാതെ ആന്ധ്ര, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ പല സ്ഥലത്തും കൃഷി പുതുതായി തുടങ്ങുന്നുമാണ്. തുറന്ന കടലിൽ തന്നെ കൃഷി തുടങ്ങാവുന്നതിനാൽ ചെലവും കുറവുതന്നെ തുറന്ന കടലിൽ കല്ലുമ്മക്കായ് കൃഷി ചെയ്യുന്നത് ഇന്ത്യയിൽ മാത്രമാണ്.

1971 ലാണ് സി.എം.എഫ്.ആർ.ഐ. യുടെ ശ്രദ്ധ കല്ലുമ്മക്കായിലേയ്ക്ക് തിരിഞ്ഞത്. 1975 ൽ കൃഷി പരീക്ഷണങ്ങളാരംഭിച്ചു.

## കൃഷിചെയ്യുന്ന തെങ്ങനെ

കാലിവീപ്പകളുടെ സഹായത്തോടെ കടലിൽപൊന്തിക്കിടക്കുന്ന മുളകൊണ്ടുള്ള ചങ്ങാടങ്ങൾ ആദ്യം നിർമ്മിച്ചു. 450 ചതുരശ്ര മീറ്റർ കടലിൽ ഇത്തരം 10 ചങ്ങാടങ്ങൾ നിരത്തി. 8 മീറ്റർ വീതം നീളം വരുന്ന 533 കയറുകൾ ചങ്ങാടത്തിൽ നിരത്തി കെട്ടി തൂക്കിയിട്ടു. ഓരോ കയറിലും കല്ലുമ്മക്കായുടെ കുഞ്ഞുങ്ങളെ പിടിപ്പിച്ചു.

പ്രതീക്ഷിച്ചതിലും കവിഞ്ഞ നിരക്കിലാണ് കുഞ്ഞുങ്ങൾ വളർന്നത്. വീപ്പകൾക്ക് താങ്ങാനാകാത്ത ഭാരം കയറിന് വന്നപ്പോൾ, കാലവർഷം ശക്തിപ്പെട്ടതോടെ വളർന്നു വലുതായ കല്ലുമ്മക്കായകൾ സഹിതം 533 ൽ 357 കയറുകളും പൊട്ടിപ്പോവുകയാണ് ചെയ്തത്. അവശേഷിച്ച 176 കയറുകളിൽ നിന്ന് മാത്രം 6 ടണ്ണിലധികം കല്ലുമ്മക്കായ്കൾ ലഭിച്ചു.

സാധാരണഗതിയിൽ ഒരു ഹെക്ടർ സ്ഥലത്തുനിന്ന് 235 ടൺ കല്ലുമ്മക്കായ്കൾ ഉല്പാദിപ്പിക്കാമെന്നാണ് പരീക്ഷണത്തിൽ തെളിഞ്ഞത്. ആറു മാസം കൊണ്ട് വിളവെടുക്കാം. കോഴിക്കോട്ട് ഇപ്പോൾ നടക്കുന്ന പരീക്ഷണ കൃഷിയുടെ വിളവെടുപ്പ് ഏപ്രിൽ—മേ മാസങ്ങളിൽ നടക്കുമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഇ. ജി. സൈലസ് പറഞ്ഞു. പ്രകൃതിദത്തമായ സാഹചര്യത്തിൽ ഒരു മാസം കൊണ്ട് ശരാശരി 8 മി. മീ. വളരുന്ന കല്ലുമ്മക്കായ്, കൃഷി ചെയ്യപ്പോൾ പ്രതിമാസം 12 മി. മീ. വീതം വളർന്നതായി കണ്ടു.

തുറന്ന കടലിൽ കുറഞ്ഞ ചെലവിൽ കൃഷി ചെയ്യാവുന്നതിനാൽ വളരെ ലാഭകരമായ ഒരേർപ്പാടായിട്ടാണ് കല്ലുമ്മക്കായ് കൃഷിയെ ഗവേഷകർ കാണുന്നത്. സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റേയും ദേശീയ ഗവേഷണ വികസന കോർപ്പറേഷന്റേയും സംയുക്താഭിമുഖ്യത്തിൽ കൃഷി സംബന്ധിച്ച സാങ്കേതിക വിജ്ഞാനം ജനങ്ങൾക്ക് നൽകുന്നതിന് ഒരു കാര്യപരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്.

## വിദേശീയർക്കും വേണം

കല്ലുമ്മക്കായ് ഇറച്ചിക്ക് ചെമ്മീൻ പോലെതന്നെ വിദേശങ്ങളിൽ നിന്ന് അന്വേഷണങ്ങൾ എത്തിക്കൊണ്ടിരിക്കുകയാണെന്നും ഈ രംഗത്ത് വിപണി പിടിച്ചെടുക്കാൻ നമുക്ക് ഇതൊരവസരമാണെന്നും ഡോ. സൈലസ് പറഞ്ഞു.

ഗ്രീൻ മസ്സൽ എന്നും ബ്രൗൺ മസ്സൽ എന്നും രണ്ടിനം കല്ലുമ്മക്കായാണ് ദക്ഷിണേന്ത്യൻ സമുദ്രതീരങ്ങളിൽ സാധാരണ കണ്ടുവരുന്നത്. കൊല്ലം മുതൽ കന്യാകുമാരി, തിരുനെൽവേലി വരെയുള്ള കടൽതീരത്ത് ബ്രൗൺ മസ്സലും മറ്റു ഭാഗങ്ങളിൽ ഗ്രീൻമസ്സലും ധാരാളമായി കണ്ടുവരുന്നു. ഇതിൽ ബ്രൗൺ മസ്സലിനെ അപേക്ഷിച്ച് ഗ്രീൻ മസ്സലാണ് കൂടുതൽ വിളവു തരിക. ഇവയുടെ കുഞ്ഞുങ്ങളെ കടലിൽ നിന്ന് വൻതോതിൽ ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും

ശേഷം 8—ൽ കോളം 5—ൽ



വിഴിഞ്ഞത്തു കയറിന്മേൽ കൃത്രിമമായി വളർത്തിയ കല്ലുമ്മക്കായ പൊക്കിയെടുക്കുന്നു.



കയറിൽ വളർത്തിയ കല്ലുമ്മക്കായയുടെ കൂമ്പാരം.

# കല്ലുമ്മക്കായക്കൃഷി

ഏഴിൽനിന്നു തുടർച്ച

സി.എം.എഫ്.ആർ.ഐ. ആവിഷ്ക്കരിച്ചിട്ടുണ്ട്.

ക്ഷേണത്തിന് പറ്റിയ മറ്റൊരിനം ചിപ്പിയെ വ്യാപകമായി വളർത്തുന്നതിനെക്കുറിച്ചും ഗവേഷണങ്ങൾ നടന്നുവരുന്നു. കായൽ പ്രദേശങ്ങളിൽ ഇവ സമൃദ്ധമായി വളരുമെന്ന് കണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തൂത്തുക്കുടി കേന്ദ്രമാക്കി പഠനങ്ങൾ നടക്കുന്നുണ്ട്.

## മുത്തുച്ചിപ്പിയും

കോഴിക്കോട് ഭാഗത്ത് കടലിൽ മുത്തുച്ചിപ്പികളെ കണ്ടെത്തിയിരിക്കുന്നു. കല്ലുമ്മക്കായ് കൃഷി സംബന്ധിച്ച ഗവേഷണങ്ങൾക്കിടയിലാണ് ഇവയെ ശാസ്ത്രജ്ഞർ കണ്ടെത്തിയത്. കയറിൽ പറ്റിപ്പിടിച്ചു തൂങ്ങുന്ന കല്ലുമ്മക്കായ്കൾക്കിടയിൽ അങ്ങിങ്ങ് ചില മുത്തുച്ചിപ്പികളും ഉണ്ടായിരുന്നു.

ആദ്യമായാണ് കോഴിക്കോട്ട് കടലിൽ നിന്ന് മുത്തുച്ചിപ്പികളെ കിട്ടുന്നത്. ശരാശരി എട്ടര മി. മീ. വലുപ്പമുള്ള ചിപ്പികളെയാണ് ഗവേഷകർ കണ്ടെത്തിയത്. ഇപ്പോൾ തൂത്തുക്കുടിയിലും വിഴിഞ്ഞത്തും ഒതുങ്ങിനിൽക്കുന്ന മുത്തുച്ചിപ്പികൃഷി കോഴിക്കോട്ടേയ്ക്കും വ്യാപിക്കുമെന്നതിന്റെ സൂചനയായി ഇതിനെ കണക്കാക്കാവുന്നതാണ്.

തൂത്തുക്കുടിയിൽ കൃഷി ചെയ്യുന്ന "പിംക്ടാഡഫുക്കാററ" എന്ന വർഗ്ഗത്തിൽപ്പെട്ട മുത്തുച്ചിപ്പികളെ തന്നെയാണ് കോഴിക്കോട്ടും കണ്ടെത്തിയത്. സി.എം.എഫ്.ആർ.ഐ. യുടെ സാങ്കേതിക സഹായത്തോടെ കേരളത്തിൽ വിഴിഞ്ഞത്തു മാത്രമേ ഇപ്പോൾ സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മുത്തുച്ചിപ്പികൃഷി നടക്കുന്നുള്ളു.